ALL INDIA RADIO, THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE : 03.03.2025 TIME : 07.25 PM

## പ്രധാന വാർത്തകൾ

1. നിർമിതബുദ്ധിയുടെ സാധ്യതകളെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഏറ്റവും മികച്ച രീതിയിൽ ഉപയോഗിക്കണമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു.

   **President Draupadi Murmu Urges Educational Institutions to Make the Best Use of the Potential of Artificial Intelligence.**

2. വന്യജീവി സംരക്ഷണത്തിൽ പരമ്പരാഗത അറിവിനൊപ്പം നൂതന സാങ്കേതിക വിദ്യകളും പ്രയോജനപ്പെടുത്തണമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

   **Prime Minister Narendra Modi Stresses the Use of Traditional Knowledge Along with Modern Technology in Wildlife Conservation.**

3. കാഴ്ച വൈകല്യമുള്ളവർക്ക് നീതി ന്യായ വകുപ്പിൽ തൊഴിൽ അവസരം നിഷേധിക്കരുതെന്ന് സുപ്രീം കോടതി.

   **SC Ruling: People with Visual Impairments Should Not Be Denied Employment Opportunities in the Justice Department.**

4. ലഹരി വ്യാപനത്തിനെതിരെ വിപുലമായ കർമ്മപദ്ധതി തയ്യാറാക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ; താമരശ്ശേരി സംഘർഷം ഉൾപ്പെടെ സംസ്ഥാനത്തെ അക്രമസംഭവങ്ങൾ ചർച്ച ചെയ്ത് കേരള നിയമസഭ.

**CM Pinarayi Vijayan Announces Action Plan Against Drug Trafficking; Kerala Assembly Discusses Rising Violence, Including Thamarassery Clash.**

5. 97-ാമത് ഓസ്കറിൽ പുരസ്കാര തിളക്കവുമായി ഷോൺ ബേക്കറിന്റെ റൊമാന്റിക് കോമഡി ചിത്രം അനോറ. മൈക്കി മാഡിസൺ മികച്ച നടി; അഡ്രിയൻ ബ്രോഡി മികച്ച നടൻ.

   **Shawn Baker's 'Anore' Triumphs at 97th Oscars; Mikey Madison Named Best Actress, Adrien Brody Best Actor.**

6. ഇൻഡോർ ഷോട്ട്പുട്ടിൽ 16 മീറ്റർ ദൂരം മറികടക്കുന്ന ആദ്യ ഇന്ത്യൻ വനിത എന്ന ചരിത്രനേട്ടം സ്വന്തമാക്കി കൃഷ്ണ ജയശങ്കർ.

   **India's Krishna Jayasankar becomes first Indian woman to cross 16-metre mark in indoor shot put.**

**&&&&&&&&&&&&&&&**

## PREZ. - AWARD EARLY (INTRO)

എട്ടാമത് വിസിറ്റേഴ്സ് അവാർഡുകൾ രാഷ്ട്രപതി ദ്രൗപതി മുർമു ഇന്ന് രാഷ്ട്രപതി ഭവനിൽ നടന്ന ചടങ്ങിൽ സമ്മാനിച്ചു. രാജ്യത്തെ നിരവധി വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ആഗോളനിലവാരത്തിലേക്ക് ഉയരാൻ കഴിയുമെന്ന് ശ്രീമതി മുർമു പറഞ്ഞു. രാജ്യത്ത് ഗവേഷണം കൂടുതൽ പ്രോത്സാഹിപ്പിക്കണമെന്നും നിർമിതബുദ്ധിയുടെ സാധ്യതകളെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഏറ്റവും മികച്ച രീതിയിൽ ഉപയോഗിക്കണമെന്നും രാഷ്ട്രപതി അഭ്യർത്ഥിച്ചു.

(ഹോൾഡ് വോയിസ്)

***************************

## PM-WILDLIFE DAY

വന്യജീവി സംരക്ഷണത്തിൽ പരമ്പരാഗത അറിവിനൊപ്പം നിർമിത ബുദ്ധി ഉൾപ്പെടെയുള്ള നൂതന സാങ്കേതിക

വിദ്യകളും ഉപയോഗിക്കണമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഏഷ്യൻ സിംഹങ്ങളുടെ ആവാസ വ്യവസ്ഥ സംരക്ഷിക്കുന്നതിൽ ഗോത്ര സമൂഹങ്ങളുടെയും സമീപ പ്രദേശങ്ങളിലെ സ്ത്രീകളുടെയും പങ്കിനെ പ്രധാനമന്ത്രി പ്രശംസിച്ചു. വന്യജീവി ദിനാചരണത്തിന്റെ ഭാഗമായി ദേശീയ വന്യജീവി ബോർഡ് ഗുജറാത്തിലെ ജുനഗഡിൽ സംഘടിപ്പിച്ച യോഗത്തിൽ അധ്യക്ഷത വഹിക്കുകയായിരുന്നു അദ്ദേഹം. തദ്ദേശീയരുടെ പങ്കാളിത്തത്തോടെ ഡോൾഫിൻ സംരക്ഷണം സംബന്ധിച്ച് ജനങ്ങളിൽ അവബോധം വളർത്തണമെന്ന് പ്രധാനമന്ത്രി പറഞ്ഞു. ഇക്കോ ഗൈഡുകൾ, ട്രാക്കർമാർ, വനിതാ ഫീൽഡ് ജീവനക്കാർ എന്നിവരുമായി പ്രധാനമന്ത്രി സംവദിച്ചു.

****************************

## AMIT SHA - WORKSHOP

രാജ്യം രണ്ടാം ധവള വിപ്ലവത്തിലേക്ക് നീങ്ങുകയാണെന്ന് കേന്ദ്രമന്ത്രി അമിത് ഷാ. ന്യൂഡൽഹിയിൽ ക്ഷീര മേഖലയിലെ സുസ്ഥിരത സംബന്ധിച്ച ശില്പശാല ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഗ്രാമീണ സമ്പദ്‌വ്യവസ്ഥയുടെ ശാക്തീകരണത്തിൽ ക്ഷീര വ്യവസായം സുപ്രധാന പങ്ക് വഹിക്കുന്നതായി ശ്രീ അമിത് ഷാ പറഞ്ഞു.

****************************

## ASSEMBLY CM (INTRO)

ലഹരി വ്യാപനത്തിനെതിരെ സമൂഹത്തിലെ വിവിധ മേഖലകളിലുള്ളവരെ ഉൾപ്പെടുത്തി വിപുലമായ കർമ്മപദ്ധതി തയ്യാറാക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. താമരശ്ശേരി സംഘർഷം ഉൾപ്പെടെ സംസ്ഥാനത്തെ അക്രമസംഭവങ്ങൾ സംബന്ധിച്ച് പ്രതിപക്ഷം കൊണ്ടുവന്ന ഉപക്ഷേപത്തിന് നിയമസഭയിൽ മറുപടി നൽകുകയായിരുന്നു അദ്ദേഹം. കുട്ടികളിൽ

വർദ്ധിച്ചുവരുന്ന അക്രമ വാസന അതീവ ഗൗരവത്തോടെ പഠിക്കണമെന്നും വിദ്യാർത്ഥികളിൽ ജനാധിപത്യ ബോധവും, ശാസ്ത്രീയ കാഴ്ചപ്പാടും വേണമെന്നും മുഖ്യമന്ത്രി പറഞ്ഞു.

(വോയിസ്.....)

പ്രതിപക്ഷത്തു നിന്നും രമേശ് ചെന്നിത്തലയാണ് പ്രമേയം സഭയിൽ അവതരിപ്പിച്ചത്. കേരളം ലഹരിക്ക് അടിമപ്പെടുന്നതായും, കേരളസമൂഹം ഒറ്റക്കെട്ടായി ഇതിനെതിരെ അണിനിരക്കണമെന്നും ശ്രീ രമേശ് ചെന്നിത്തല പറഞ്ഞു. ലഹരിക്കടത്തിന്റെ ഉറവിടം കണ്ടെത്തി തകർക്കണമെന്ന് പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ ആവശ്യപ്പെട്ടു.

****************************

# VEENA GEORGE ASSEMBLY

ആശാ വർക്കർമാർക്ക് ഏറ്റവും കൂടുതൽ ഓണറേറിയം നൽകുന്ന സംസ്ഥാനം കേരളമാണെന്നും ആശമാരുടെ പ്രശ്നങ്ങൾ കേരളത്തിൽ നിന്നുള്ള എം പി മാർ പാർലമെന്റിൽ ഉന്നയിക്കണമെന്നും മന്ത്രി വീണാ ജോർജ്. ആശാ വർക്കർമാരുടെ ഓണറേറിയം സംബന്ധിച്ച് നിയമസഭയിൽ കെ ശാന്തകുമാരിയുടെ ശ്രദ്ധക്ഷണിക്കലിന് മറുപടി നൽകുകയായിരുന്നു മന്ത്രി. കേന്ദ്രസർക്കാരുമായി ബന്ധപ്പെട്ട് വിഷയത്തിൽ ഇടപെടലുകൾ നടത്തുമെന്നും ശ്രീമതി വീണാ ജോർജ് വ്യക്തമാക്കി.

****************************

# WAYANAD-MUNDAKKAYAM

വയനാട് ഉരുൾപൊട്ടൽ ദുരന്തബാധിതരുടെ പുനരധിവാസത്തിന് വേണ്ടിയുള്ള മൂന്നാം ഘട്ട കരട് പട്ടിക പ്രസിദ്ധീകരിച്ചു. വാർഡ് പത്തിൽ 18 കുടുംബങ്ങളും

വാർഡ് 11 ൽ 37 കുടുംബങ്ങളും വാർഡ് 12 ൽ 15 കുടുംബങ്ങളുമാണ് ഉൾപ്പെട്ടത്. പട്ടികയിൽ പരാതികളുമുണ്ടെങ്കിൽ ഈ മാസം 13 വരെ അറിയിക്കാം.
****************************

## SC - VISUALLY IMPAIRED

കാഴ്ച പരിമിതിയുള്ളവർക്ക് നീതി ന്യായ വകുപ്പിൽ തൊഴിൽ അവസരം നിഷേധിക്കാനാവില്ലെന്ന് സുപ്രീം കോടതി. ജസ്റ്റിസുമാരായ ജെ ബി പർദിവാല, ആർ മഹാദേവൻ എന്നിവരടങ്ങിയ ബെഞ്ചാണ് ഇതുമായി ബന്ധപ്പെട്ട വിധി പ്രഖ്യാപിച്ചത്. ശാരീരികമായി വെല്ലുവിളികൾ നേരിടുന്ന വ്യക്തികൾക്ക് ജുഡീഷ്യറിയിലെ തൊഴിൽ അവസരങ്ങളിൽ ഒരു തരത്തിലുമുള്ള വിവേചനം ഉണ്ടാകരുതെന്നും അവരെ ഉൾക്കൊള്ളിക്കുന്ന വിധം സംസ്ഥാനങ്ങൾ നിയമന നടപടികൾ പരിഷ്കരിക്കണമെന്നും ജസ്റ്റിസ് മഹാദേവൻ പറഞ്ഞു.
****************************

## JAISHANKAR - BELGIUM

ഏഴ് ദിവസത്തെ സന്ദർശനത്തിനായി ഇന്ത്യയിലെത്തിയ ബെൽജിയം രാജകുമാരി ആസ്ട്രിഡ് പ്രധാനമന്ത്രി നരേന്ദ്രമോദിയുമായി നാളെ കൂടിക്കാഴ്ച നടത്തും. പ്രിൻസസ് ആസ്ട്രിഡുമായും ബെൽജിയം ഉപ പ്രധാനമന്ത്രി മാക്സിം പ്രെവോയുമായും വിദേശകാര്യമന്ത്രി എസ്. ജയ്ശങ്കർ ഇന്ന് കൂടിക്കാഴ്ച നടത്തി. അർദ്ധചാലകം, നിർമിത ബുദ്ധി, ശുദ്ധോർജ്ജം തുടങ്ങിയ വിഷയങ്ങൾ ചർച്ചയായി.
****************************

## INDIA - BELGIUM

രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് ബെൽജിയം രാജകുമാരി ആസ്ട്രിഡുമായും പ്രതിരോധ മന്ത്രി തിയോ ഫ്രാങ്കനുമായും ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി.

ഇന്തോ-പസഫിക് മേഖലയിലെ പ്രതിരോധ ഇടപെടലുകളുടെ സാധ്യതയെക്കുറിച്ച് ഇന്ത്യയും ബെൽജിയവും ചർച്ച ചെയ്തു. ഇന്ത്യൻ പ്രതിരോധ മേഖലയിൽ നിക്ഷേപം നടത്താൻ ബെൽജിയൻ കമ്പനികളെ ശ്രീ രാജ്നാഥ് സിംഗ് സ്വാഗതം ചെയ്തു.

****************************

## WOMEN FINANCIAL AWARENESS-NITI AAYOG

സ്ത്രീകൾക്കിടയിലെ സാമ്പത്തിക അവബോധം മുൻ വർഷത്തേക്കാൾ 42 ശതമാനം വർദ്ധിച്ചതായി നീതി ആയോഗ്. "കടം വാങ്ങുന്നവരിൽ നിന്ന് ഉൽപ്പാദകരിലേക്ക് :ഇന്ത്യയുടെ സാമ്പത്തിക വളർച്ചയിൽ സ്ത്രീകളുടെ പങ്ക്" എന്ന റിപ്പോർട്ടിലാണ് ഇക്കാര്യം വ്യക്തമാക്കിയിരിക്കുന്നത്. വനിതാ സംരംഭകരെ ശാക്തീകരിക്കുന്നതിൽ ധനസഹായ ലഭ്യതയ്ക്ക് വലിയ പ്രാധാന്യമാണുള്ളതെന്ന് റിപ്പോർട്ട് പുറത്തിറക്കിക്കൊണ്ട് നീതി ആയോഗ് സിഇഒ ബി.വി.ആർ. സുബ്രഹ്മണ്യം പറഞ്ഞു.

****************************

## NAVRATNA-STATUS

ഇന്ത്യൻ റെയിൽവേ ഫിനാൻസ് കോർപ്പറേഷനും ഇന്ത്യൻ റെയിൽവേ കാറ്ററിംഗ് ആൻഡ് ടൂറിസം കോർപ്പറേഷനും കേന്ദ്ര സർക്കാർ നവരത്ന പദവി നൽകി. 26,000 കോടി രൂപയിലധികം വാർഷിക വിറ്റുവരവുള്ള റെയിൽവേ മന്ത്രാലയത്തിന്റെ ഒരു പൊതുമേഖലാ സംരംഭമാണ് IRFC. നവരത്ന പദവി നേട്ടത്തിൽ റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ് IRCTC യെയും IRFC യെയും അഭിനന്ദിച്ചു.

****************************

## DAY OSCARS - 2025

97-ാമത് ഓസ്കറിൽ പുരസ്കാരങ്ങൾ തൂത്തുവാരി ഷോൺ ബേക്കർ സംവിധാനം ചെയ്ത റൊമാൻറിക് കോമഡി ചിത്രം അനോറ. മികച്ച ചിത്രത്തിനും സംവിധാനത്തിനും തിരക്കഥയ്ക്കും ഉൾപ്പെടെ 5 പുരസ്കാരങ്ങളാണ് ചിത്രം സ്വന്തമാക്കിയത്. അനോറയെ അവതരിപ്പിച്ച മൈക്കി മാഡിസണാണ് മികച്ച നടി. ബ്രൂട്ടലിസ്റ്റ് എന്ന ചിത്രത്തിലൂടെ അഡ്രിയൻ ബ്രോഡി മികച്ച നടനായി. എമിലിയ പെരേസിലൂടെ സോയി സൽദാന, മികച്ച സഹനടിയായി. എ റിയൽ പെയിൻ എന്ന ചിത്രത്തിലൂടെ കിയെരൻ കൾക്കിൻ മികച്ച സഹനടനുള്ള പുരസ്കാരം നേടി. ബ്രസീലിയൻ ചിത്രമായ ഐ ആം സ്റ്റിൽ ഹിയറാണ് മികച്ച വിദേശ ഭാഷാ ചിത്രം.
****************************

## RAJNATH-CSR (INTRO)

അടുത്ത രണ്ട് വർഷത്തിനുള്ളിൽ ലോകത്തിലെ മൂന്നാമത്തെ വലിയ സമ്പദ്‌വ്യവസ്ഥയായി മാറാനുള്ള യാത്രയിലാണ് ഇന്ത്യയെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്. ന്യൂഡൽഹിയിൽ നടന്ന സായുധ സേനാ പതാക ദിന CSR കോൺക്ലേവിനെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ഇന്ത്യയുടെ സാമ്പത്തിക വികസനത്തിൽ പൊതുമേഖലയ്ക്കും സ്വകാര്യമേഖലയ്ക്കും ഒരുപോലെ പങ്കുണ്ടെന്ന് ശ്രീ. രാജ്നാഥ് സിംഗ് അഭിപ്രായപ്പെട്ടു.

(ഹോൾഡ് വോയിസ്)

പ്രതിരോധ വ്യവസായ രംഗത്ത് സ്വയംപര്യാപ്തത കൈവരിക്കുന്നതിന് സ്വകാര്യ മേഖലയുടെ പങ്കാളിത്തം അത്യന്താപേക്ഷിതമാണെന്നും രാജ്യരക്ഷാമന്ത്രി വ്യക്തമാക്കി.
****************************

## REV. SHOT PUT RECORD

ലോക ഇൻഡോർ ഷോട്ട്പുട്ടിൽ, ഏറ്റവും കൂടുതൽ ദൂരം എറിയുന്ന ആദ്യ ഇന്ത്യൻ വനിത എന്ന ചരിത്ര നേട്ടം സ്വന്തമാക്കി കൃഷ്ണ ജയശങ്കർ. യു.എസിൽ നടന്ന മൗണ്ടൻ വെസ്റ്റ് ഇൻഡോർ ട്രാക്ക് ആൻഡ് ഫീൽഡ് ചാമ്പ്യൻഷിപ്പിൽ 16.03 മീറ്റർ ദൂരം എറിഞ്ഞ കൃഷ്ണയ്ക്ക് വെങ്കല മെഡൽ ലഭിച്ചു. പൂർണറാവു റാണെയുടെ 2023 ലെ 15.54 മീറ്ററെന്ന റെക്കോർഡാണ് 22 കാരിയായ കൃഷ്ണ ജയശങ്കർ തകർത്തത്.

****************************

# CHAMPIONS TROPHY

ICC ചാമ്പ്യൻസ് ട്രോഫി ക്രിക്കറ്റ് സെമി ഫൈനലിൽ ഇന്ത്യ നാളെ ഓസ്ട്രേലിയയെ നേരിടും. ദുബായ് ഇൻററർനാഷണൽ ക്രിക്കറ്റ് സ്റ്റേഡിയത്തിൽ ഇന്ത്യൻ സമയം ഉച്ചയ്ക്ക് 2.30 നാണ് മത്സരം. ഓസ്ട്രേലിയ മികച്ച എതിരാളിയാണെന്നും ഇന്ത്യൻ താരങ്ങൾ തികഞ്ഞ ആത്മവിശ്വാസത്തോടെയാണ് നാളെ മത്സരത്തിനിറങ്ങുന്നതെന്നും ക്യാപ്റ്റൻ രോഹിത് ശർമ്മ പറഞ്ഞു. രണ്ടാം സെമിയിൽ മറ്റന്നാൾ ദക്ഷിണാഫ്രിക്കയും ന്യൂസിലാൻഡും ഏറ്റുമുട്ടും.

*

*********************

**********************************